(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വിനോദസഞ്ചാരമേഖലകളെ മാലിന്യവിമുക്തമാക്കാൻ നടപടി

78 [2695] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലകളെ മാലിന്യവിമുക്ത മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത മേഖലകളെ മാലിന്യ വിമുക്തമേഖലകളായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ

79 [2696] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്ത് ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും വരുമാനത്തിലുണ്ടായ വർദ്ധനവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിനും ഇക്കോ ടൂറിസത്തിനും ഊന്നൽ നൽകി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. പദ്ധതികളുടെ വിശദ വിവരം അനുബന്ധം എ യിൽ ചേർക്കുന്നു.†

(ബി) ഉണ്ട്. വിശദ വിവരം അനുബന്ധം ബി യിൽ ചേർക്കുന്നു.†

† അനുബന്ധം XIV & XIV 'എ'

LIBRARY ARCHIVES Kerala Legislative Assembly